"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിലിരിക്കെ മരണപ്പെട്ട പി.എൻ.രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി രശ്മി എസ്-ന്റെ തൊഴിൽ സഹായം ലഭ്യമാക്കണമെന്ന അപേക്ഷ -OA 639/2023 നമ്പർ കേസ്സിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.09.2023 ലെ വിധിന്യായം പാലിച്ച ഉത്തരവാകുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.59/2023/SWD തീയതി,തിരുവനന്തപുരം, 13-11-2023

---

പരാമർശം:- ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ-ന്റെ OA 639/2023 നമ്പർ കേസിന്റെ 19.09.2023 ലെ ഉത്തരവ്.

**ഉത്തരവ്**

സൈനിക സേവനത്തിനിടെ മരണപ്പെട്ട പി.എൻ.രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി രശ്മി എസ്. , തൊഴിൽ സഹായം ലഭ്യമാക്കണമെന്ന ആവശ്യം നിരസിച്ചതിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA No.639/2023ാം നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. സേനാ അധികാരികൾ നൽകിയ 31.08.2021 ലെ Annexure A13 ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കേറ്റ് പരിഗണിക്കാതെയാണ് തൊഴിൽ സഹായം നിരസിച്ചതെന്ന് നിരീക്ഷിച്ച് പ്രസ്തുത ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കേറ്റിന്റേയും WP(C) 33087/2010 കേസിലെ ബഹു.ഹൈക്കോടതി വിധിന്യായത്തിന്റേയും അടിസ്ഥാനത്തിൽ ശ്രീമതി രശ്മി എസ് ന്റെ അപേക്ഷ പുതിയതായി പരിഗണിച്ച് ഉത്തരവ് ലഭ്യമായി രണ്ട് മാസത്തിനകം ഈ വിഷയത്തിൽ തീരുമാനം എടുക്കുവാൻ രണ്ടാം എതിർകക്ഷിയായ സൈനിക ക്ഷേമ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകി ഈ കേസിൽ 19.09.2023 ൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

തൊഴിൽ സഹായം സംബന്ധിച്ച 29.04.2002 ലെ സ.ഉ(പി)110/2002/പൊ.ഭ.വ ഉത്തരവ് പ്രകാരം ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് കാരണമോ, മോശമായ കാലാവസ്ഥ മൂലമോ, ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ചുണ്ടാകുന്ന മൈൻ സ്ഫോടനം, കെണി, വാഹനാപകടം മുതലായവയിലോ കൊല്ലപ്പെടുന്ന/കാണാതാകുന്ന/അംഗഭംഗം സംഭവിക്കുന്ന സൈനികന്റെ ഒരു ആശ്രിതന്/ആശ്രിതയ്ക്ക് സംസ്ഥാന സർക്കാർ വകുപ്പുകളിൽ തൊഴിൽ സഹായത്തിന്

അർഹതയുണ്ട്. ശ്രീമതി രശ്മി എസ് ന്റെ ഭർത്താവ് പി എൻ രാധാകൃഷ്ണൻ 16-11-2009 ൽ ന്യൂഡൽഹി അമൃത് സർ ഹൈവേയിൽ ഗുരു ദാസ്പൂർ വച്ചുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടു. റിക്കാർഡ്സ് ഓഫീസർ നൽകിയ 22-09-2010 ലെ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ അപേക്ഷകയുടെ ഭർത്താവിന്റെ മരണം ' Physical casualty died due to poly trauma resulting in road traffic accident' എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ചുള്ള അപകടത്തിലോ ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് ഓപ്പറേഷണൽ എൻഗേജ്മെന്റിന് സമാനമായ സാഹചര്യത്തിലോ അല്ല കാഷ്വാലിറ്റി സംഭവിച്ചത് എന്നതിനാൽ തൊഴിൽസഹായത്തിനുള്ള അപേക്ഷ നിരസിച്ചിരുന്നു.

റജിമെന്റ് കമാൻഡന്റ് 18-03-2016 ൽ നൽകിയ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റുമായി അപേക്ഷക തൊഴിൽ സഹായത്തിന് അപേക്ഷ സമർപ്പിച്ചു. തൊഴിൽ സഹായം സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള Competent Authority റിക്കാർഡ്സ് ഓഫീസർ ആണെന്നതിനാൽ അപേക്ഷ സർക്കാർ പരിഗണിച്ചില്ല. തുടർന്ന് സീനിയർ റിക്കാർഡ്സ് ഓഫീസർ നൽകിയ 31-08-2021 ലെ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തി അപേക്ഷക വീണ്ടും തൊഴിൽ സഹായത്തിന് അപേക്ഷ സമർപ്പിച്ചു.

കാഷ്യാലിറ്റി സംഭവിച്ചത് ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യായിലോ വച്ചാണോ എന്നതിന് "Individual Died due to Poly Trauma resulting Road Traffic Accident which took place while de-Induction from exercise Area (Field Area) എന്നാണ് പ്രസ്തുത ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കാഷ്യാലിറ്റി സംഭവിച്ചത് ഓപ്പറേഷണൽ ഏര്യായിലോ/ഫീൽഡ് ഏര്യായിലോ വച്ച് ഹൈ ആൾറ്റിറ്റ്യൂഡ് മരണമോ മോശമായ കാലാവസ്ഥ മൂലമോ മൈൻ സ്പോടനം, കെണി, വാഹനാപകടം മുതലായവയിലോ ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് ഓപ്പറേഷണൽ എൻഗേജ്മെന്റിന് സമാനമായ Peace time circumstance-ലോ ആകണമെന്നത് തൊഴിൽസഹായം നൽകുന്നതിനുള്ള അടിസ്ഥാന വ്യവസ്ഥയാണ്. ഈ കേസിൽ പ്രസ്തുത വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല എന്നതിനാൽ അപേക്ഷ സർക്കാർ നിരസിച്ചു. Annexure A13 ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റ് വിശദമായി പരിശോധിച്ച ശേഷമാണ് Annexure A10 സർക്കാർ തീരുമാനം അപേക്ഷകയെ അറിയിച്ചത്.

സേനാ അധികാരികൾ 2010-ൽ നൽകിയ ആട്രിബ്യൂട്ടബിലിറ്റി സർട്ടിഫിക്കറ്റിൽ അപേക്ഷകയുടെ ഭർത്താവിന്റെ മരണകാരണം ' Physical casualty Died due to Poly Trauma in resulting Road Traffic Accident ' എന്നാണ് സാക്ഷ്യപ്പെടുത്തിയിരുന്നത്. 31-08-2021-ലെ സർട്ടിഫിക്കറ്റിൽ കാഷ്വാലിറ്റി ഉണ്ടായ സാഹചര്യം ഒന്നു കൂടി വ്യക്തമാക്കുകയല്ലാതെ പ്രസ്തുത കാഷ്വാലിറ്റി ഓപ്പറേഷണൽ ഏര്യായിലോ ഫീൽഡ് ഏര്യായിലോ വച്ച് Operational Engagement ന്റെ ഭാഗമായാണ് സംഭവിച്ചിട്ടുള്ളത് എന്ന് സാക്ഷ്യപ്പെടുത്തുവാൻ സേനാ അധികാരികൾ തയ്യാറായിട്ടില്ല. കാഷ്വാലിറ്റി സംബന്ധിച്ച് സേനാ അധികാരികളുടെ സാക്ഷ്യപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലാണ് തൊഴിൽ സഹായം നൽകുന്നത്. പ്രസ്തുത കാഷ്വാലിറ്റി Operational Engagement ന്റെ ഭാഗമായാണ് സംഭവിച്ചതെന്ന് സാക്ഷ്യപ്പെടുത്തുവാൻ മിലിട്ടറി അധികാരികൾ തയ്യാറാകാത്ത സാഹചര്യത്തിൽ WP(C)33087/2010 കേസിലെ ബഹു.ഹൈക്കോടതി നിരീക്ഷണങ്ങളുടെ ആനുകൂല്യം അപേക്ഷകയ്ക്ക് നൽകുവാനാകില്ല.

നിലവിൽ കാഷ്വാലിറ്റി സംഭവിച്ച് 14 വർഷത്തോളമായിട്ടുണ്ട്. അപേക്ഷകയ്ക്ക് നിലവിൽ 33,000/- രൂപ (മുപ്പത്തിമൂവായിരം രൂപ മാത്രം) ഫാമിലി പെൻഷൻ ഇനത്തിൽ ലഭിക്കുന്നുണ്ട്. ഇപ്രകാരം അടിസ്ഥാന ജീവനോപാധി അപേക്ഷകയ്ക്ക് ലഭിക്കുന്ന സാഹചര്യത്തിൽ തൊഴിൽസഹായം സംബന്ധിച്ച നിലവിലുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഇടപെടേണ്ടുന്ന അടിയന്തിര സാഹചര്യം നിലവിലുള്ളതായി കാണുന്നില്ല.

ഈ സാഹചര്യത്തിൽ സൈനിക സേവനത്തിലിരിക്കെ ന്യൂഡൽഹി അമൃത് സർ ഹൈവേയിൽ ഗുരു ദാസ്പൂർ വച്ചുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ട പി എൻ രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി രശ്മി എസ് സമർപ്പിച്ചിരിക്കുന്ന തൊഴിൽ സഹായത്തിനുള്ള അപേക്ഷ നിരസിച്ചുകൊണ്ടും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 639/2023 കേസിലെ 19.09.2023 ലെ വിധിന്യായം പാലിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി രശ്മി എസ്, പട്ടിക്കൽ ഹൗസ്, പള്ളിക്കൽ പി.ഒ, കുറ്റാനം, മാവേലിക്കര, ആലപ്പുഴ-690 518.
2. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ(എ& ഇ),കേരള, തിരുവനന്തപുരം
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 13-11-2023 14:51:47

സെക്ഷൻ ഓഫീസർ